പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2049 22-03-2012 -ൽ മറുപടിക്ക്.

## ഭവനനിർമ്മാണ വകുപ്പിൽ നിന്നുള്ള സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| സംസ്ഥാന ഭവനനിർമ്മാണ വകുപ്പിൽ നിന്ന് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് അനുവദിക്കുന്നത്; അതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | മൈത്രി ഭവനപദ്ധതിയിലെ ദുർബ്ബല വിഭാഗക്കാരായ 38,384 ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 137.94 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. കുടിശ്ശിക നിലവിലുള്ള എല്ലാ ഗുണഭോക്താക്കളുടേയും കുടിശ്ശികകൾ പൂർണ്ണമായും എഴുതിത്തള്ളുകയാണ് ചെയ്തത്. |

1972-1976 കാലഘട്ടത്തിലെ ലക്ഷം വീട് കോളനി നിവാസികൾക്ക് എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിപ്രകാരം ജനറൽ വിഭാഗത്തിൽ 75,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയും സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നു.

സുരക്ഷ ഭവന പദ്ധതി പ്രകാരം സന്നദ്ധസംഘടനകൾ തെരഞ്ഞെടുത്തു സ്പോൺസർ ചെയ്യുന്ന EWS വിഭാഗത്തിൽപ്പെട്ട 3 സെന്റ് കൈവശമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി 25,000/- രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നു.

സാഫല്യം ഭവനപദ്ധതി പ്രകാരം ഭൂ-ഭവന രഹിതരായ EWS വിഭാഗക്കാർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനായി സർക്കാർ സബ്സിഡിയായി 1 ലക്ഷം രൂപ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്:

(a) ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം.

പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബലവിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ(ബി.പി.എൽ) ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. അർഹരായ ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee -ക്കായിരിക്കും.

(b) ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്ന **BeneficiarySelection Committee**-യിലെ അംഗങ്ങൾ

ഈ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ഉണ്ടായിരിക്കും.

(i) ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സി. എൻജിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ചെയർമാൻ.

(ii) പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെംബർ.

(iii) പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെംബർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെംബർ.

(c) <u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം</u>

(i) ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

(ii) ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാഫാറം ഫീസ് 10 രൂപ) യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം 218 വീടുകൾ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇത് ഒരു പുനരധിവാസ പദ്ധതിയായതിനാൽ മാനദണ്ഡങ്ങളൊന്നും നിഷ്ക്കർഷിച്ചിട്ടില്ല.

പത്രപ്രവർത്തകർക്ക് ഭവനനിർമ്മാണ സഹായമായി 50,000/- രൂപ സർക്കാർ അനുവദിക്കുന്നു. എം.എൽ.എ./എം.പി. ഭവനപദ്ധതിക്ക് സർക്കാർ പലിശ സബ്സിഡി അനുവദിച്ചു നൽകുന്നു.

(signature)

സെക്ഷൻ ഓഫീസർ